# കേരള സർവകലാശാല

നം.പി.ആർ.102/2019 **ഫോൺ: 2305738**

**9446173605**

# പത്രക്കുറിപ്പ്

## ടൈംടേബിൾ

2019 ജൂൺ 6 മുതൽ ആരംഭിക്കുന്ന ഏഴാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.കോം.എൽ.എൽ.ബി/ബി.ബി.എ.എൽ.എൽ.ബി ജൂൺ 10 മുതൽ ആരംഭിക്കുന്ന ഏഴാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി എന്നീ പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

ബി.എ ആന്വൽ ഡിഗ്രി മെയ് 2019 പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചതിൽ മെയ് 20 ലെ സബ്സിഡിയറി വിഷയമായ സൈക്കോളജി മെയ് 22 ലെ ജനറൽ സൈക്കോളജി എന്ന വിഷയമായും, ഹിസ്റ്ററി ഓഫ് ഇസ്ലാം (2017 അഡ്മിഷന് മുൻപ്) എന്നത് ഹിസ്റ്ററി ഓഫ് ഇസ്ലാം (2017 അഡ്മിഷൻ) എന്നും തിരുത്തി പ്രസിദ്ധീകരിക്കുന്നു. സൈക്കോളജി സബ്സിഡിയറി വിഷയമായിട്ടുള്ള വിദ്യാർത്ഥികൾ മെയ് 22 ലെ ജനറൽ സൈക്കോളജി പരീക്ഷ എഴുതേണ്ടതാണ്.

## പരീക്ഷാഫലം

2019 ജനുവരിയിൽ നടന്ന നാലാം സെമസ്റ്റർ എം.ബി.എ (ഫുൾടൈം/റെഗുലർ/യു.ഐ.എം/ഈവനിംഗ്/ട്രാവൽ ആന്റ് ടൂറിസം) പരീക്ഷാഫലം വെബ്സൈറ്റിൽ.

2018 ഡിസംബറിൽ നടന്ന സി.ബി.സി.എസ് ബി.കോം അഞ്ചാം സെമസ്റ്റർ 2016 അഡ്മിഷൻ (റെഗുലർ), 2015, 2014, 2013 അഡ്മിഷൻ (സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി മെയ് 31 വരെ അപേക്ഷിക്കാം. ഇതിന് വെബ്സൈറ്റിൽ നിന്ന് ലഭ്യമാകുന്ന കരട് മാർക്ക്ലിസ്റ്റ് ഉപയോഗിക്കാവുന്നതാണ്.

2018 ആഗസ്റ്റിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് രണ്ടാം സെമസ്റ്റർ ബി.എ ഇംഗ്ലീഷ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് (2017 അഡ്മിഷൻ – റെഗുലർ, 2016 അഡ്മിഷൻ – ഇംപ്രൂവ്മെന്റ്, 2015, 2014 & 2013 അഡ്മിഷൻ – സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനഃപരിശോധനയ്ക്കും മെയ് 27 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## മാർക്ക്ലിസ്റ്റ് കൈപ്പറ്റാം

വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രം 2018 ഡിസംബർ, 2019 ഫെബ്രുവരിയിൽ നടത്തിയ എം.എ പൊളിറ്റിക്കൽ സയൻസ് സപ്ലിമെന്ററി പരീക്ഷയുടെ മാർക്ക്ലിസ്റ്റുകൾ വിദ്യാർത്ഥികൾ ഹാൾടിക്കറ്റ് സഹിതം ഇ.ജി V സെക്ഷനിൽ നിന്നും കൈപ്പറ്റേണ്ടതാണ്.

## ഹാൾടിക്കറ്റ്

സർവകലാശാലയുടെ വിവിധ പഠന വകുപ്പുകളിലേയ്ക്ക് പി.ജി/എം.ടെക് അഡ്മിഷന് വേണ്ടിയുള്ള പ്രവേശന പരീക്ഷയ്ക്ക് ഓൺലൈനായി അപേക്ഷിച്ചിട്ടുളളവർക്ക് വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

## ഇന്റേണൽ മാർക്ക്

വിദൂര വിദ്യാഭ്യാസ വിഭാഗം 2017-19 എം.എ ഇംഗ്ലീഷ്, ബി.എൽ.ഐ.എസ്സി, എം.എൽ.ഐ.എസ്സി ഒന്നും രണ്ടും സെമസ്റ്റർ ഇന്റേണൽ മാർക്കുകൾ പ്രസിദ്ധീകരിച്ചു. പരാതികൾ 15 ദിവസത്തിനകം കോ-ഓർഡിനേറ്റർക്ക് സമർപ്പിക്കേണ്ടതാണ്.

## അപേക്ഷ ക്ഷണിക്കുന്നു

സർവകലാശാലയുടെ ഫിലോസഫി പഠനഗവേഷണവകുപ്പിന് കീഴിലുള്ള സെന്റർ ഫോർ ഫിലോസഫിക്കൽ കൗൺസിലിംഗ് ആന്റ് റിസർച്ച് നടത്തുന്ന ഫിലോസഫിക്കൽ കൗൺസിലിംഗ് പിജി ഡിപ്ലോമ കോഴ്സിലേയ്ക്ക് അപേക്ഷ ക്ഷണിക്കുന്നു. കോഴ്സ് 2019 ജൂലൈയിൽ ആരംഭിക്കുന്നതാണ്. കോഴ്സ് കാലാവധി: ഒരു വർഷം (രണ്ട് സെമസ്റ്റർ) കോഴ്സ്ഫീസ്: 20000/- വിദ്യാഭ്യാസ യോഗ്യത: 50% മാർക്കോടെയുളള അംഗീകൃത സർവകലാശാല ബിരുദം (ഫിലോസഫി, സൈക്കോളജി, സോഷ്യോളജി, സയൻസ് വിഷയങ്ങളിൽ ബിരുദമുളളവർക്ക് മുൻഗണന) സീറ്റുകളുടെ എണ്ണം: 30 (ജനറൽ -24, പട്ടികജാതി -5, പട്ടികവർഗ്ഗം-1) അപേക്ഷാഫോറത്തിന്റെ വില: 100/- അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി: മെയ് 31. തപാലിൽ അപേക്ഷാഫോറം

ലഭിക്കാൻ ഡയറക്ടറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 100/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റും സ്വന്തം മേൽവിലാസം എഴുതിയ സ്റ്റാമ്പ് പതിച്ച കവർ സഹിതം അപേക്ഷിക്കുക. കൂടുതൽ വിവരങ്ങൾക്ക് ഡയറക്ടർ, സെന്റർ ഫോർ ഫിലോസഫിക്കൽ കൗൺസിലിംഗ് ആന്റ് റിസർച്ച്, ഫിലോസഫി പഠനഗവേഷണപകുപ്പ്, കേരള സർവകലാശാല, കാര്യവട്ടം പിൻ-695581, ഫോൺ: 0471 2308746, 9447586802 Email: departmentofphilosophyuok@gmail.com

## പൂർവ വിദ്യാർത്ഥി സംഗമം

സർവകലാശാല ചരിത്ര വിഭാഗത്തിലെ പൂർവ വിദ്യാർത്ഥി സംഗമം മെയ് 21 ചൊവ്വാഴ്ച രാവിലെ 11.30 ന് കാര്യവട്ടത്തുള്ള ചരിത്ര വിഭാഗം സെമിനാർ ഹാളിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. എല്ലാ പൂർവ വിദ്യാർത്ഥികളും യോഗത്തിൽ പങ്കെടുക്കുവാൻ അഭ്യർത്ഥിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്: 0471 – 2308839/9446533386

തിരുവനന്തപുരം,
15-05-2019

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്)